**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1646** **13-02-2025 - ൽ മറുപടിയ്ക്ക്**

**പടന്നക്കാട് കാർഷിക കോളേജിൽ ഒഴിഞ്ഞ് കിടക്കുന്ന തസ്തികകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ഇ ചന്ദ്രശേഖരൻ** | | **ശ്രീ. പി. പ്രസാദ്**<br>**(കൃഷി വകുപ്പ് മന്ത്രി)** | |
| (എ) | പടന്നക്കാട് കാർഷിക കോളേജിൽ വിവിധ വിഭാഗങ്ങളിലായി അനുവദിച്ച തസ്തികകൾ സംബന്ധിച്ച് വിശദമാക്കുമോ; | (എ) | **പടന്നക്കാട് കാർഷിക കോളേജിൽ വിവിധ വിഭാഗങ്ങളിലായി അനുവദിച്ച തസ്തികകളുടെയും ഒഴിഞ്ഞ് കിടക്കുന്ന തസ്തികകളുടെയും വിശദാംശങ്ങൾ അനുബന്ധം 1 ആയി ചേർക്കുന്നു.** |
| (ബി) | എത്ര തസ്തികകളാണ് ഒഴിഞ്ഞ് കിടക്കുന്നതെന്നും അവ ഏതെല്ലാമാണെന്നും വ്യക്തമാക്കുമോ; | (ബി) | **പടന്നക്കാട് കാർഷിക കോളേജിൽ വിവിധ വിഭാഗങ്ങളിലായി അനുവദിച്ച തസ്തികകളുടെയും ഒഴിഞ്ഞ് കിടക്കുന്ന തസ്തികകളുടെയും വിശദാംശങ്ങൾ അനുബന്ധം 1 ആയി ചേർക്കുന്നു.** |
| (സി) | ഒഴിഞ്ഞു കിടക്കുന്ന തസ്തികകൾ നികത്താൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ? | (സി) | ഒഴിഞ്ഞു കിടക്കുന്ന തസ്തികകൾ നികത്താൻ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ **അനുബന്ധം 2** ആയി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം 1

**പടന്നക്കാട് കാർഷിക കോളേജിൽ വിവിധ വിഭാഗങ്ങളിലായി അനുവദിച്ച തസ്തികകളുടെയും ഒഴിഞ്ഞ് കിടക്കുന്ന തസ്തികകളുടെയും വിശദാംശങ്ങൾ**

| ക്രമ നമ്പർ | തസ്തികയുടെ പേര് | അനുവദിച്ച തസ്തികകളുടെ എണ്ണം | ഒഴിഞ്ഞുകിടക്കുന്ന തസ്തികകളുടെ എണ്ണം |
|---|---|---|---|
| 1 | അധ്യാപകർ | 61 | 28 |
| 2 | അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ | 1 | 0 |
| 3 | സെക്ഷൻ ഓഫീസർ | 4 | 0 |
| 4 | അസിസ്റ്റന്റ് | 8 | 2 |
| 5 | ഓഫീസ് സൂപ്രണ്ട് | 1 | 0 |
| 6 | കമ്പ്യൂട്ടർ അസിസ്റ്റന്റ് | 5 | 2 |
| 7 | അസിസ്റ്റന്റ് ലൈബ്രേറിയൻ | 1 | 0 |
| 8 | പ്രൊഫഷണൽ അസിസ്റ്റന്റ് ഗ്രേഡ് –II (ലൈബ്രറി) | 1 | 0 |
| 9 | ഇലക്ട്രീഷൻ | 1 | 0 |
| 10 | പമ്പ് ഓപ്പറേറ്റർ ഗ്രേഡ് –II | 2 | 2 |
| 11 | ഹോസ്റ്റൽ മാനേജർ ഗ്രേഡ് –II | 1 | 1 |
| 12 | മേട്രൺ | 1 | 1 |
| 13 | ഡ്യൂപ്ലിക്കേറ്റ് മെഷീൻ ഓപ്പറേറ്റർ | 1 | 0 |
| 14 | ലാബ് അസിസ്റ്റന്റ് | 6 | 0 |
| 15 | എച്ച്.ഡി.വി.–ഡ്രൈവർ കം ഓഫീസ് അറ്റൻഡന്റ് | 1 | 1 |
| 16 | എൽ.ഡി.വി.–ഡ്രൈവർ കം ഓഫീസ് അറ്റൻഡന്റ് | 1 | 1 |
| 17 | ലാസ്റ്റ് ഗ്രേഡ് സർവ്വന്റ് | 12 | 7 |
| 18 | ഫാം മാനേജർ ഗ്രേഡ് – I | 2 | 1 |
| 19 | ഫാം ഓഫീസർ/ഫാം മാനേജർ ഗ്രേഡ്– II | 4 | 4 |
| 20 | തൊഴിലാളികൾ | 62 | 11 |

Section officer

അനുബന്ധം 1

## പടന്നക്കാട് കാർഷിക കോളേജിൽ വിവിധ വിഭാഗങ്ങളിലായി അനുവദിച്ച തസ്തികകളുടെയും ഒഴിഞ്ഞ് കിടക്കുന്ന തസ്തികകളുടെയും വിശദാംശങ്ങൾ

| ക്രമ നമ്പർ | തസ്തികയുടെ പേര് | അനുവദിച്ച തസ്തികകളുടെ എണ്ണം | ഒഴിഞ്ഞുകിടക്കുന്ന തസ്തികകളുടെ എണ്ണം |
|---|---|---|---|
| 1 | അധ്യാപകർ | 61 | 28 |
| 2 | അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ | 1 | 0 |
| 3 | സെക്ഷൻ ഓഫീസർ | 4 | 0 |
| 4 | അസിസ്റ്റന്റ് | 8 | 2 |
| 5 | ഓഫീസ് സൂപ്രണ്ട് | 1 | 0 |
| 6 | കമ്പ്യൂട്ടർ അസിസ്റ്റന്റ് | 5 | 2 |
| 7 | അസിസ്റ്റന്റ് ലൈബ്രേറിയൻ | 1 | 0 |
| 8 | പ്രൊഫഷണൽ അസിസ്റ്റന്റ് ഗ്രേഡ് –II (ലൈബ്രറി) | 1 | 0 |
| 9 | ഇലക്ട്രീഷൻ | 1 | 0 |
| 10 | പമ്പ് ഓപ്പറേറ്റർ ഗ്രേഡ് –II | 2 | 2 |
| 11 | ഹോസ്റ്റൽ മാനേജർ ഗ്രേഡ് –II | 1 | 1 |
| 12 | മേട്രൺ | 1 | 1 |
| 13 | ഡ്യൂപ്ലിക്കേറ്റ് മെഷീൻ ഓപ്പറേറ്റർ | 1 | 0 |
| 14 | ലാബ് അസിസ്റ്റന്റ് | 6 | 0 |
| 15 | എച്ച്.ഡി.വി.–ഡ്രൈവർ കം ഓഫീസ് അറ്റൻഡന്റ് | 1 | 1 |
| 16 | എൽ.ഡി.വി.–ഡ്രൈവർ കം ഓഫീസ് അറ്റൻഡന്റ് | 1 | 1 |
| 17 | ലാസ്റ്റ് ഗ്രേഡ് സർവ്വന്റ് | 12 | 7 |
| 18 | ഫാം മാനേജർ ഗ്രേഡ് – I | 2 | 1 |
| 19 | ഫാം ഓഫീസർ/ഫാം മാനേജർ ഗ്രേഡ്– II | 4 | 4 |
| 20 | തൊഴിലാളികൾ | 62 | 11 |

[signature]
Section officer

**അനുബന്ധം 2**

## ഒഴിഞ്ഞു കിടക്കുന്ന തസ്തികകൾ നികത്താൻ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ

### അധ്യാപകർ

ശ്രീ. റെജിൽ ടി, ബഹു. ഹൈക്കോടതി മുമ്പാകെ സമർപ്പിച്ച WP(C) No. 29750/2023 റിട്ട് ഹർജിയിന്മേൽ ബഹു. ഹൈക്കോടതി പുറപ്പെടുവിച്ച ഇടക്കാല സ്റ്റേ ഉത്തരവുകൾ പ്രകാരം 2020 വർഷത്തിൽ അപേക്ഷ ക്ഷണിച്ച വിജ്ഞാപനപ്രകാരമുള്ള അസിസ്റ്റന്റ് പ്രൊഫസ്സർ തസ്തികയിലേക്കുള്ള നിയമന നടപടികൾ സർവ്വകലാശാല നിർത്തിവച്ചിരിക്കുകയാണ്. കൂടാതെ, 27.06.2023 തിയ്യതിയിലെ GA/K1/354/2020 നമ്പർ വിജ്ഞാപനം പ്രകാരം കാർഷിക സർവ്വകലാശാലയിലെ അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിലെ എൻ.സി.എ ഒഴിവുകളിലേക്ക് ഓൺലൈനായി അപേക്ഷ ക്ഷണിച്ചതിന്റെ അടിസ്ഥാനത്തിൽ ലഭിച്ച അപേക്ഷകളുടെ സൂക്ഷ്മപരിശോധന നടന്നു വരുന്നു.

ഇന്റർവ്യൂവിനായുള്ള സെലക്ഷൻ കമ്മിറ്റിയിലെ ബഹു.ചാൻസലറുടെ നോമിനി തുടരുന്നത് സംബന്ധിച്ച വിഷയത്തിൽ തീരുമാനമെടുക്കുന്നതിനായി ബഹു. ചാൻസലർക്ക് സർവ്വകലാശാല കത്ത് നൽകിയിട്ടുണ്ട്. ആയതിന്റെ മറുപടി ലഭിക്കുന്ന മുറയ്ക്ക് നിയമന നടപടികൾ സർവ്വകലാശാല പുനരാരംഭിക്കുന്നതാണ്. നിലവിൽ ഒഴിഞ്ഞു കിടക്കുന്ന തസ്തികകളിൽ ആവശ്യാനുസരണം കരാർ അടിസ്ഥാനത്തിൽ അധ്യാപകരെ നിയമിച്ചു വരുന്നുണ്ട്.

### അസിസ്റ്റന്റ്, കമ്പ്യൂട്ടർ അസിസ്റ്റന്റ്

കേരള കാർഷിക സർവ്വകലാശാലയിൽ ഇ-ഓഫീസ് നടപ്പിലാക്കിയ സാഹചര്യത്തിൽ അനദ്ധ്യാപക വിഭാഗം ജീവനക്കാരുടെ ജോലി ഭാരം വിലയിരുത്തുവാൻ വർക്ക് സറ്റഡി കമ്മിറ്റി രൂപീകരിക്കുകയും, ടി കമ്മിറ്റിയുടെ നടപടികൾ പൂർത്തിയാക്കുന്നതുവരെ ടെക്നിക്കൽ തസ്തികകൾ ഒഴികെയുള്ള അനദ്ധ്യാപക തസ്തികകളിലെ ഒഴിവുകൾ പി.എസ്.സിയിലേയ്ക്ക് റിപ്പോർട്ട് ചെയ്യുന്നത് താൽക്കാലികമായി നിർത്തിവെക്കാനുള്ള തീരുമാനത്തിന് 05.01.2024 തീയതിയിൽ ചേർന്ന സർവ്വകലാശാലയുടെ 615-ാമത് ഭരണസമിതി യോഗത്തിൽ അംഗീകാരം നൽകുകയുമുണ്ടായി.

ഈ സാഹചര്യത്തിൽ വർക്ക് സ്റ്റഡി കമ്മിറ്റിയുടെ റിപ്പോർട്ടിനു ശേഷം സർവ്വകലാശാലയുടെ ഭരണ സമിതി തീരുമാനത്തിനു വിധേയമായി, അസിസ്റ്റന്റ്, കമ്പ്യൂട്ടർ അസിസ്റ്റന്റ് തസ്തികകളിലെ ഒഴിവുകൾ പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യുന്ന വിഷയത്തിൽ തുടർനടപടി സ്വീകരിക്കുന്നതാണ്.

### ഡ്രൈവർ (HDV) (ഡ്രൈവർ കം ഓഫീസ് അറ്റൻഡന്റ് )(ഹെവി പാസഞ്ചർ/ഗുഡ്സ് വെഹിക്കിൾ)

നിലവിലുള്ള ഒരു ഒഴിവ് കേരള പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

### ഡ്രൈവർ (LDV)(എൽഡിവി ഡ്രൈവർ കം ഓഫീസ് അറ്റൻഡന്റ്)

എൽ.ഡി.വി ഡ്രൈവർ കം ഓഫീസ് അറ്റൻഡന്റ് തസ്തികയിലേയ്ക്ക് എക്സിക്യൂട്ടീവ് ഉത്തരവ് ലഭ്യമാക്കുന്നതിനുള്ള തുടർനടപടികൾ പരിശോധിച്ചു വരുന്നു.

### പമ്പ് ഓപ്പറേറ്റർ

പമ്പ് ഓപ്പറേറ്റർ ഗ്രേഡ്-II തസ്തികയിലേക്കുള്ള ആഭ്യന്തര നിയമനത്തിനായി 30/01/2025 തീയതിയിലെ കെഎയുജിഎ/208/2025/ജിഎ-എം1(i)&(ii) നമ്പർ റാങ്ക് പട്ടികകൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

### ലാസ്റ്റ് ഗ്രേഡ് സർവന്റ്

ലാസ്റ്റ് ഗ്രേഡ് സർവന്റ് തസ്തികയിലേക്കുള്ള ആഭ്യന്തര നിയമനത്തിനായി 25/01/2025 തീയതിയിലെ

കെഎയുജിഎ/218/2023–ജിഎ–എം1 നമ്പർ പ്രൊവിഷണൽ റാങ്ക് പട്ടിക പ്രസിദ്ധീകരിച്ചിട്ടുണ്ട്.

**മേട്രൺ, ഹോസ്റ്റൽ മാനേജർ**

മേട്രൺ, ഹോസ്റ്റൽ മാനേജർ തസ്തികയിലേയ്ക്ക് നിയമനം നടത്തുന്നതിനായി സ്വീകരിക്കേണ്ട തുടർനടപടികൾ പരിശോധിച്ചു വരുന്നു.

**ഫാം മാനേജർ ഗ്രേഡ് I, ഫാം ഓഫീസർ/ഫാം മാനേജർ ഗ്രേഡ് II**

ഫാം മാനേജർ ഗ്രേഡ് I, ഫാം ഓഫീസർ/ഫാം മാനേജർ ഗ്രേഡ് II എന്നിവ എൻടി കേഡർ തസ്തികകൾ അല്ല.

**തൊഴിലാളികൾ**

പടന്നക്കാട് കാർഷിക കോളേജിൽ തൊഴിലാളി നിയമനത്തിനായി വിജ്ഞാപനം നടത്തി ടി കോളേജിൽ നിലവിലുള്ള എല്ലാ ഒഴിഞ്ഞു കിടക്കുന്ന തൊഴിലാളി തസ്തികകളിലും നിയമനം നടത്തുകയും ടി ലിസ്റ്റിന്റെ കാലാവധി 30.04.2017 ന് അവസാനിക്കുകയും ചെയ്തു. നിലവിൽ ഒഴിഞ്ഞു കിടക്കുന്ന 7 സ്ഥിരം തൊഴിലാളി തസ്തികകൾ വിരമിക്കൽ മൂലം നിലവിൽ വന്ന ഒഴിവുകളാണ്. കൂടാതെ എൻ.സി.എ ഒഴിവുകളിൽ ഒന്നാം വട്ടം നിയമനം നടത്തിയ ശേഷം ടി കേന്ദ്രത്തിൽ നിലവിൽ 4 എൻ.സി.എ ഒഴിവുകളുണ്ട്. എൻ.സി.എ. വിജ്ഞാപനത്തിൽ അർഹരായ എൽ.സി/എ.ഐ. സമുദായത്തിൽ ഉൾപ്പെട്ട സ്ത്രീ/പുരുഷൻ ഉദ്യോഗാർത്ഥികളെ ലഭിക്കാത്തതിനെതുടർന്ന് 2 സ്ത്രീ/2 പുരുഷ തസ്തികകൾ ആണ് ഒഴിഞ്ഞു കിടക്കുന്നത്. ടി ഒഴിവുകളിൽ പുനർവിജ്ഞാപനം നടത്തി സർവ്വകലാശാല നിയമന നടപടികൾ സ്വീകരിക്കുന്നതാണ്.

Section Officer